## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1555 04.12. 2015- ലെ മറുപടി

### <u>നോർക്ക ഓഫീസ്</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** | | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) കേരളത്തിൽ ഏതെല്ലാം ജില്ലകളിൽ നോർക്ക ഓഫീസ് പ്രവർത്തിക്കുന്നുണ്ട്;വ്യക്തമാക്കാമോ; | | എ) നോർക്ക-റൂട്ട്സിന്റെ തിരുവനന്തപുരത്തുള്ള ഹെഡ്ഓഫീസിനു പുറമേ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ റീജണൽ ആതന്റിക്കേഷൻ സെൻററുകളും, കൊല്ലം, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിൽ കളക്ടറേറ്റുകളിൽ നോർക്ക സെല്ലുകളും പ്രവർത്തിച്ചു വരുന്നുണ്ട്. |
| ബി) നോർക്ക ഓഫീസ് ഇല്ലാത്ത ജില്ലകളിൽ അവ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | | ബി)&സി) നോർക്ക സെല്ലുകൾ ആരംഭിച്ചിട്ടില്ലാത്ത കാസർഗോഡ് ജില്ലയിൽ നോർക്ക സെൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ആലപ്പുഴ, വയനാട് എന്നീ ജില്ലകളിൽ നോർക്ക സെൽ തുടങ്ങുന്നതിനുള്ള സ്ഥലലഭ്യത സംബന്ധിച്ച വിഷയത്തിൽ ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) പ്രസ്തുത ജില്ലകളിൽ നോർക്ക ഓഫീസ് എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; | | |
| ഡി) നോർക്ക ഓഫീസിൽ നിന്ന് ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | | ഡി) നോർക്ക-റൂട്ട്സ് നടപ്പാക്കുന്ന വിവിധ ധനസഹായപദ്ധതികളായ സാന്ത്വന, ചെയർമാൻ ഫണ്ട്, കാരുണ്യം തുടങ്ങിയവയുടെയും, പ്രവാസി തിരിച്ചറിയൽ കാർഡിന്റെയും അപേക്ഷകൾ സ്വീകരിക്കുക, ടി അപേക്ഷകർക്ക് അതത് ജില്ലകളിൽ ഹിയറിംഗ് നൽകുക, ജില്ലാതല അറ്റസ്റ്റേഷൻ സൗകര്യങ്ങൾ നൽകുക, പ്രവാസികളുടെ സംശയങ്ങൾ ദൂരീകരിക്കുക തുടങ്ങിയവ നോർക്ക ജില്ലാ സെല്ലുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളാണ്. |

സെക്ഷൻ ഓഫീസർ